## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6012 — 04/07/2019-ൽ മറുപടിയ്ക്ക്

## പ്രീപ്രൈമറിയ്ക്കായി പ്രത്യേക പാഠ്യക്രമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ** | | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്തെ എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീ-പ്രൈമറി സ്കൂൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | ഇല്ല. സംസ്ഥാനത്ത് 2182 സർക്കാർ സ്കൂളുകളിൽ പി.ടി.എ നടത്തുന്ന പ്രീ-പ്രൈമറിയും, 54 സർക്കാർ സ്കൂളുകളിൽ സർക്കാർ നേരിട്ട് നടത്തുന്ന പ്രീ-പ്രൈമറിയും പ്രവർത്തിക്കുന്നു. |
| (ബി) | പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകരുടെ യോഗ്യത, ശമ്പളം എന്നിവയിൽ ഏകീകരണം ഇല്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) & (സി) | സർക്കാർ നേരിട്ട് നടത്തുന്ന പ്രീപ്രൈമറികളിലെ അദ്ധ്യാപകർക്ക് യോഗ്യത, ശമ്പള സ്കെയിൽ തുടങ്ങിയവ നിശ്ചയിച്ചിട്ടുണ്ട്. ഇവരെ പി.എസ്.സി വഴിയാണ് നിയമിക്കുന്നത്. ഗവൺമെന്റ് സ്കൂളുകളിലെ പി.ടി.എ നടത്തുന്ന പ്രീ-പ്രൈമറികളിലെ ജീവനക്കാർക്ക് നിശ്ചിത ഓണറേറിയം നൽകി വരുന്നു. പി.ടി.എ നടത്തുന്ന പ്രീ-പ്രൈമറി വിഭാഗം സർക്കാർ സംവിധാനം അല്ലാത്തതു കൊണ്ടും ഈ സ്കൂളുകളിലെ അദ്ധ്യാപകരെ നിയമിക്കുന്നത് പി.ടി.എ ആയതുകൊണ്ടും ഇത്തരം സ്കൂളുകളിലും സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളിലും ഈ വിഷയത്തിൽ ഏകീകരണം ഇല്ല. |
| (സി) | എങ്കിൽ ഏകീകരണം വരുത്തുവാൻ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | സംസ്ഥാനത്തെ പ്രീപ്രൈമറി വിദ്യാർത്ഥികൾക്കായി എസ്.സി.ഇ.ആർ.ടി പ്രത്യേക പാഠ്യക്രമം തയ്യാറാക്കിയിട്ടുണ്ടോ; ഇത് എല്ലാ പ്രീപ്രൈമറി സ്കൂളുകളിലും ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ഡി) | ഉണ്ട്. അതിൻ പ്രകാരമുള്ള സിലബസാണ് പ്രീ-പ്രൈമറി സ്കൂളുകളിൽ കൈകാര്യം ചെയ്തുവരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 'കളിത്തോണി', 'കളിപ്പാട്ടം' എന്നീ പുസ്തകങ്ങൾ അച്ചടിച്ച് വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. |

Namitha.J

സെക്ഷൻ ഓഫീസർ